# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 969      20/03/2013 ൽ മറുപടിയ്ക്ക്

### <u>പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വിതരണം</u>

| | ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ വിവിധ കോളേജുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കളുടെ സ്റ്റൈപ്പന്റ് ഒരു വർഷത്തിലേറെയായി വിതരണം നടത്തിയിട്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റൈപ്പന്റ് വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുവെ അങ്ങിനെ ഒരു പരാതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നും ഫെബ്രുവരി മാസം വരെ ലഭിച്ച ക്ലെയിം സ്റ്റേറ്റ്മെന്റുകൾ അനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. മാർച്ച് മാസം ലഭിച്ച ക്ലെയിം സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിതരണം ചെയ്യുന്നതാണ്. 2012-13 അദ്ധ്യയന വർഷം ഇതുവരെ 7,47,00,000/- (ഏഴ് കോടി നാല്പത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപ പാലക്കാട് ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | എസ്.സി. വിദ്യാർത്ഥികൾക്ക് നല്കുന്ന സർക്കാർ ധനസഹായവും ഫീസ് ആനുകൂല്യങ്ങളും സമയ ബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; 2013 മാർച്ച് 31 നകം ഇവ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരി ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം സമയബന്ധിത മായിതന്നെ വിതരണം നടത്തി വരുന്നുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ക്ലെയിം സ്റ്റേറ്റ്മെന്റ് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നത് മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം സമയബന്ധിത മായി വിതരണം ചെയ്യുന്നതിനെ പ്രതികൂലമായി ബാധിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | ക്ലയിം സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും അവ അടിയന്തിരമായി ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ആഫീസർമാർക്കും അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒറ്റപ്പെട്ട കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ